# തറക്കൽവാര്യം

പട്ടാമ്പി താലൂക്കിലെ വല്ലപ്പുഴ അംശത്തിൽ ചെറുകോടു ദേശത്താണ് തറക്കൽവാര്യം. സാമൂതിരിയുടെ ഭരണകാലത്ത് തറക്കൽവാര്യത്തിലെ കാരണവന്മാർ തലച്ചാർന്നവർ എന്ന സ്ഥാനത്തോടെ കാരിയക്കാരന്മാർ ആയിരുന്നു.[1] ഡച്ചുകാർക്കെതിരെ നടന്ന കൊടുങ്ങല്ലൂർ യുദ്ധത്തിലും (1716) മറ്റും തറക്കൽവാര്യന്മാർ സാമൂതിരി സൈന്യത്തിലെ പടനായകന്മാരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. യുദ്ധനൈപുണ്യത്തിൽ, തോക്കുകളുപയോഗിക്കുന്നതിൽ കാണിച്ച മികവുകളെ മുൻനിർത്തി തറക്കൽവാര്യർക്കു 'വെടിക്കുരുക്കൾ' എന്ന പദവി സാമൂതിരി പിൽക്കാലത്ത് കൽപ്പിച്ചു നൽകിയിരുന്നു.

സാമൂതിരിമാർക്കുവേണ്ടി നിരന്തരം പടനയിക്കുകയും പിന്നീട് സാമൂതിരിയെ ധിക്കരിക്കുകയും അനന്തരം സാമൂതിരിയെ വെടിവെച്ചു വധിക്കാൻ ശ്രമിച്ചുവെന്ന കുറ്റത്തിനു ശിക്ഷിക്കപ്പെടുകയും ചെയ്ത ചരിത്രമാണ് തറക്കൽവാര്യത്തിന്റേത്. സാമൂതിരിയാൽ അനഭിമതനായതോടെ തറക്കലിലെ രണ്ട് വാര്യന്മാർ വധിക്കപ്പെടുകയും വാര്യം ആനയെക്കൊണ്ട് ഇടിച്ചു നിരത്തപ്പെടുകയുമുണ്ടായി. സ്ത്രീകളെയും കുട്ടികളെയും മാപ്പിളമാർക്കു വിൽക്കാൻ പൊന്നാനിയിൽ കൊണ്ടുപോയി. സാമൂതിരി ചരിത്രങ്ങൾ എഴുതിയവരെല്ലാം ഈ കഥകൾ രേഖപ്പെടുത്തി.[2] കഴകവൃത്തിക്കു മാത്രം അധികാരമുള്ള ഒരു അമ്പലവാസി വിഭാഗം തലച്ചാർന്നവരായി അവരോധിക്കപ്പെട്ടതും തോക്കുകളുടെ പ്രയോഗത്തിൽ വിദഗ്ധരാകുന്നതും 'വെടിക്കുരുക്കൾ' എന്ന പദവി ആർജിക്കുന്നതുമാണ് തറക്കൽവാര്യത്തിന്റെ ആദ്യകാല പ്രശസ്തി വൃത്താന്തങ്ങൾ.

കൊളോണിയൽ കാലഘട്ടത്തിൽ മലബാറിലെ ബ്രിട്ടീഷ് ഗവൺമെന്റ്, ജന്മിമാരോടു കാണിച്ച ആനുകൂല്യം മുൻകൂട്ടിക്കണ്ട് അതിജീവനതന്ത്രങ്ങൾ ഒരുക്കുകയും മുന്നേറുകയും ചെയ്ത തെക്കേ മലബാറിലെ ഒരു ഫ്യൂഡൽതറവാടിന്റെ സാഹസിക ചരിത്രവും തറക്കൽവാര്യത്തിന് അതോടൊപ്പം പറയാനുണ്ട്. ഇംഗ്ലിഷ് പഠിക്കുന്നതിനും കൃത്യമായ കോടതിവ്യവഹാരങ്ങൾവഴി കുടുംബത്തെ സംരക്ഷിക്കുന്നതിനും തറക്കൽവാര്യത്തെ അംഗങ്ങൾ






പിന്നീട് കാണിച്ച ജാഗ്രതയാണ്, പത്തൊമ്പതാം നൂറ്റാണ്ടിലെ അവരുടെ പ്രതാപത്തിനു മുഖ്യകാരണം. പൂമുള്ളി, വരിക്കുമാഞ്ചേരി, ചിറ്റൂർ തുടങ്ങിയ മനകളും കുതിരവട്ടം, കോങ്ങാട്, മണ്ണാർക്കാട്, കണ്ണമ്പ്ര തുടങ്ങിയ നായർ വീടുകളും മറ്റും ഇതുപോലെ ജാഗ്രത കാണിച്ച തെക്കേ മലബാറിലെ ഇതര ഭവനങ്ങളിൽ ഉൾപ്പെടുന്നു. തറക്കൽവാര്യത്തെ പുരുഷന്മാർ, നായർസ്ത്രീകളെ സംബന്ധം ചെയ്യുന്നതും സ്ത്രീകൾ നമ്പൂതിരിമാരെ സംബന്ധം ചെയ്യുന്നതുമായ പതിവ് പത്തൊമ്പതാം നൂറ്റാണ്ടിലും മാറ്റമില്ലാതെ പിന്തുടർന്നിരുന്നു.[3] മരുമക്കത്തായദായക്രമം അവസാനിച്ചതോടെ (1976) തറക്കൽ തറവാട് അഞ്ചു താവഴികളായി വിഭജിക്കപ്പെട്ടപ്പോഴും 'കുടിയിരുപ്പ്' എന്ന പേരിൽ നാലുകെട്ടും കുടുംബക്ഷേത്രവും കാവുകളും പൊതുസ്വത്തായി നിലനിർത്താൻ കാണിച്ച ഔചിത്യബോധവും സാമൂഹികചരിത്രത്തിൽ ശ്രദ്ധിക്കപ്പെടാതെ പോയില്ല.

വല്ലപ്പുഴ-മുളയങ്കാവ് പി.ഡബ്ല്യൂ.ഡി. റോഡുവഴിയും ചെറുകോട്-ആമയൂർ റോഡുവഴിയും സഞ്ചരിച്ചാൽ തറക്കൽവാര്യത്ത് എത്താം. പടിഞ്ഞാറോട്ടു ദർശനമുള്ളതും സ്വർണത്താഴികക്കുടത്തോടു കൂടിയതുമായ ഒരു ബാലനരസിംഹക്ഷേത്രവും ക്ഷേത്രത്തിനു മുന്നിലായിക്കാണുന്ന ഇരുനിലകളുള്ള കരിങ്കൽഗോപുരവുമാണ് തറക്കൽവാര്യത്തിന്റെ ഇപ്പോഴത്തെ മനോഹര ദൃശ്യങ്ങളിലൊന്ന്. തൊട്ടടുത്തായി അന്തിമഹാകാളന്റെ മറ്റൊരു ശ്രീകോവിലും കാണാം. ക്ഷേത്രത്തോടു ചേർന്നു നാലു കാവുകളും വലിയൊരു അമ്പലക്കുളവും കാണാം.

ക്ഷേത്രങ്ങൾ നിൽക്കുന്ന വളപ്പിന്റെ തെക്കുഭാഗത്താണ്, നാലുകെട്ട്. മൈസൂർ ആധിപത്യം അവസാനിച്ച നാളുകളിലാണ് (1723-1793) ഈ നാലുകെട്ടിന്റെ നിർമാണം. സ്ത്രീകൾക്കും കുട്ടികൾക്കും താമസിക്കുവാനുള്ളതായിരുന്നു നാലുകെട്ട്. പടിഞ്ഞാറേക്കു ദർശനമുള്ള ഈ മന്ദിരം തറവാട്ടംഗങ്ങളുടെ ഭക്ഷണശാലയും പാചകപ്പുരയും ഉൾക്കൊണ്ടിരുന്നു. നാലുകെട്ടിന്റെ വടക്കുഭാഗത്താണ് മാളിക എന്നറിയുന്ന ഇരുനിലകെട്ടിടം.

മാളികയോടുചേർന്ന് രണ്ടു പത്തായപ്പുരകളും കാണാം. തറവാടിന്റെ തെക്കുഭാഗത്തുണ്ടായിരുന്ന കളരി, വിസ്മൃതമായിട്ടു കാലമേറെയായി. അമ്പലക്കുളത്തിന്റെ വടക്കുഭാഗത്താണ് മൂന്നുനിലകളുള്ള കളപ്പുരമാളിക. തെക്കും വടക്കുമുള്ള മാളികകളോടു ചേർന്ന് ഓരോ പത്തായപ്പുരകളുമുണ്ട്. തറവാട്ടംഗങ്ങളുടെ ഉപയോഗത്തിനായുള്ള കുളത്തിന് മൂന്നുദിക്കിലും പടിക്കെട്ടുകൾ കാണാം. ശിൽപ്പഭദ്രതയുള്ള മലബാറിലെ നാലുകെട്ടുകളിലൊ



തറക്കൽവാര്യം

ന്നായി തറക്കൽവാര്യത്തെ ഡോ.ഹെൻട്രി ഷിൽറ്റ്[4] എന്ന ഫിന്നിഷ് ഗ്രന്ഥകാരൻ തിരഞ്ഞെടുത്തിട്ടുണ്ട്.

1550-നടുത്താണ് തറക്കൽവാര്യത്തെക്കുറിച്ച് തെക്കേ മലബാർ കേൾക്കാൻ തുടങ്ങിയത്. തറക്കൽവാര്യത്തെ ഉണിക്കണ്ടവാര്യരെ സാമൂതിരി ചുനങ്ങാട്ടു തലച്ചാർന്നവർ ആയി നിയമിച്ചു. 'വാളും പുടവയും' 1561-ൽ നൽകി. മേനവൻ എന്ന സ്ഥാനപ്പേരും അതോടെ വാര്യർക്കു ലഭിച്ചു. 1675 വരെ തറക്കൽ മേനവന്മാർ സാമൂതിരി ഭരണത്തിന്റെ അവിഭാജ്യഘടകമായിരുന്നു; യുദ്ധകാലത്ത് പടനയിക്കാനും സമാധാനകാലത്ത് നികുതിപ്പിരിവ് നടത്താനും അധികാരമുള്ള തലച്ചാർന്നവരെന്ന നിലയിൽ.

മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറത്തെ എടത്തുപുറത്ത് ശ്രീകൃഷ്ണക്ഷേത്രത്തിലെ കഴകക്കാരിയായിരുന്ന എടത്തുപുറത്തു വാര്യത്തിലെ ഒരു വാരസ്യാരിൽനിന്നാണ് തറക്കൽവാര്യത്തിന്റെ എളിയ തുടക്കം. തറക്കലിലേക്കു വന്ന എടത്തുപുറത്തു വാരസ്യാരുടെ മകനായ ഉണിക്കണ്ട വാര്യരാണ് ആദ്യത്തെ തറക്കൽ മേനവൻ.[5]

ചേരിക്കലുകൾ, കളങ്ങൾ, ബ്രഹ്മസ്വങ്ങൾ, ദേവസ്വങ്ങൾ എന്നിങ്ങനെയാണ് തെക്കേ മലബാറിന്റെ കൃഷിഭൂമി വിഭജിക്കപ്പെട്ടിരുന്നത്. ചേരിക്കലുകൾ രാജ്യം ഭരിക്കുന്ന ഭരണാധികാരിയുടേതാണ്. കളങ്ങൾ ജന്മിമാരുടേതും ബ്രഹ്മസ്വങ്ങൾ ബ്രാഹ്മണജന്മിമാരുടേതും ദേവസ്വങ്ങൾ ക്ഷേത്രഭൂമിയും ആയിരുന്നു. ചേരിക്കലുകൾ കൃഷി ചെയ്യാൻ കുടിയാന്മാർക്കു നൽകിയിരുന്നു. ആദായവിഹിതം





അവർ ഭരണാധികാരിക്കു നൽകണം. കളങ്ങളിൽനിന്നുള്ള വിളവിന്റെ ഒരു ഭാഗവും വാരമെന്നനിലയിൽ ഭരണാധികാരികൾക്കു നൽകണം. ഇതെല്ലാം പിരിച്ചെടുക്കാനുള്ള ചുമതല അംശമേനവന്മാർക്കാണ്. അവരുടെ മേൽനോട്ടം തലച്ചാർന്നവർക്കും. പിരിച്ചെടുത്ത നെല്ല്, സാമൂതിരി കോവിലകങ്ങളിൽ എത്തിക്കേണ്ട ചുമതലയും തലച്ചാർന്നവരുടേതാണ്. യുദ്ധം വരുമ്പോൾ പടയ്ക്ക് ആളെ കൂട്ടേണ്ടതും തലച്ചാർന്നവരുടെ ചുമതല ആയിരുന്നു. ആയിരം നായന്മാരുടെ ചുമതല ഒരു തലച്ചാർന്നവർക്കുണ്ടായിരുന്നു.[6]

ഉണിക്കണ്ടവാര്യരുടെ ഭരണനിർവഹണപ്രാപ്തി അംഗീകരിച്ച് സാമൂതിരി ചുനങ്ങാടിനു പുറമേ ആലിപ്പറമ്പും കാലടിയും ചാവക്കാടും പൊന്നാനിവായ്ക്കലും പയ്യനാട്ടുകാരയും വെള്ളപ്പനാട്ടുകരയും ഭരിക്കുവാൻ പലപ്പോഴായി ഏൽപ്പിച്ചു. അൽപ്പകാലം കോഴിക്കോടിന്റെ തലച്ചാർന്നവരായും തറക്കൽ മേനവൻ നിയോഗിക്കപ്പെട്ടു.[7]

തരൂർ സ്വരൂപത്തിൽനിന്നു പിടിച്ചെടുത്ത ചുനങ്ങാടാണ് തറയ്ക്കൽ മേനവന്മാർ ദീർഘകാലം ഭരിച്ചത്. ഉണിക്കണ്ട മേനവന്റെ മരുമക്കളായിരുന്ന ഇട്ടിഉണ്ണിരാമവാര്യരും ശേഖരവാര്യരും ചുനങ്ങാട്ടു തലച്ചാർന്നവർ എന്ന സ്ഥാനം വഹിച്ചവരാണ്.

കഴുപ്പള്ളിക്കരയിലുണ്ടായിരുന്ന, സാമൂതിരിയുടെ നായർപ്പടയാളികൾക്കു സാമ്പത്തികബുദ്ധിമുട്ടുകളാൽ വേതനം കൊടുക്കാൻ കഴിയാതെ വന്നപ്പോൾ സാമൂതിരി തറക്കൽവാര്യരിൽനിന്നു 1636-ൽ ആയിരം ഉറുപ്പിക കടം വാങ്ങിയതായി രേഖയുണ്ട്. വായ്പയുടെ ഉറപ്പിനായി സാമൂതിരി, തറക്കലെ ശേഖരമേനവന് ആഭരണങ്ങളും സ്വർണവും മറ്റും 811 ഇടവത്തിൽ ഈടായി നൽകുന്നുണ്ട്. വാര്യരെ ദേശവാഴിയായി അരീക്കോട് കോവിലകത്തുവച്ചാണ് 1649-ൽ അവരോധിക്കുന്നത്. പള്ളിത്തണ്ടിൽ (പല്ലക്കിൽ) യാത്ര ചെയ്യാനുള്ള അനുവാദവും നൽകി. 824 കർക്കിടകം 11-നു മൂലം നാളിലാണ് ചടങ്ങു നടന്നത്. നേരത്തെ പണയമായി നൽകിയ ആഭരണങ്ങൾ ചടങ്ങു നടക്കുംമുൻപു തന്നെ ശേഖരമേനവൻ സാമൂതിരിക്കു മടക്കി നൽകിയിരുന്നു.

ഉണിക്കണ്ട മേനവന്റെ അനുജനായിരുന്നു കേളപ്പ മേനവൻ. മൂന്നാമത്തെ ഇട്ടിഉണ്ണിരാമൻ കാലടി ചേരിക്കലിലെ പാഴ്ത്തി (പ്രവൃത്തി) ആയിരുന്നു.[8] ഇട്ടിഉണ്ണിരാമമേനവനാണ് തിരുനാവായയിലെ വാകയൂർ കോവിലകത്തിന്റെ പണിക്കു മേൽനോട്ടം വഹിച്ചത്.[9] ഡച്ച് ആക്രമണത്തിൽ നശിച്ചുപോയ ചേരമാൻവാളിനു പകരം പുതിയ വാൾ സാമൂതിരിക്ക് ഉണ്ടാക്കി കൊടുത്തതും ഇട്ടിഉണ്ണിരാമമേനവനാണ്.

1676-ലെ തൈപ്പൂയത്തിനു മുമ്പ് വാകയൂർ കോവിലകം പൂർത്തിയാക്കാനുള്ള പണിക്ക് മേൽനോട്ടം വഹിക്കാൻ കാലടി ചേരിക്കൽ പാഴ്ത്തിയായ തറക്കൽ ഉണ്ണിരാമമേനവനു സാമൂതിരി തിരുവെഴുത്തയച്ചു. അതേവർഷം തൈപ്പൂയത്തെ തുടർന്ന് ഡച്ചുകാർ കൊടുങ്ങല്ലൂർ ആക്രമിച്ചു. സാമൂതിരി താമസിച്ചിരുന്ന വെളോസ് നമ്പിയാരുടെ ഭവനം അവർ കത്തിച്ചു. ചേരമാൻവാൾ കത്തിനശിച്ചെങ്കിലും സാമൂതിരി രക്ഷപ്പെട്ടു. ഉടവാളില്ലാത്തതിനാൽ സാമൂതിരിയുടെ എഴുന്നള്ളത്തിനു മുമ്പിൽ പെണ്ടിയന്മാർ (പോണ്ടന്മാർ) വെള്ളം തളിച്ചു ശുദ്ധമാക്കുന്ന ചടങ്ങ് മുടങ്ങി. തറക്കൽ ഇട്ടിഉണ്ണിരാമമേനവൻ ഒരു കഞ്ചിയിട്ട വാൾ സാമൂതിരിപ്പാടിന് അയച്ചുകൊടുത്തതോടെ ഉടവാളും പരിചയും പിടിച്ചുള്ള പെണ്ടിയന്മാരുടെ തളി പുനരാരംഭിച്ചു.

പൊന്നാനിവാഴ്ലലിലെ തലച്ചാർന്നവരായിരുന്നു പിന്നീടത്തെ കാരണവരായ ശങ്കരമേനവൻ. ശങ്കരമേനവന്റെ പിൻഗാമിയായ ഉണ്ണിക്കിട്ടൻ അശക്തനും രോഗിയുമായിരുന്നു. മേനവന് മരുമക്കളില്ലാതെ വന്നതിനാൽ തറവാടു നിലനിർത്താൻ പൊന്നാനി കിഴൂർവാര്യത്തെ ഒരു ശാഖയെ തറക്കലിലേക്കു ദത്തെടുക്കുകയുണ്ടായി. 1676-ൽ മാത്രമാണ് സാമൂതിരി ഈ ദത്ത് അംഗീകരിച്ചത്. തുടർന്നു ദത്തുവഴി തറക്കലിലെത്തിയ എരോമവാര്യർക്ക് സാമൂതിരിയിൽനിന്നും വാളും പുടവയും ലഭിച്ചു. ദത്ത് അംഗീകരിക്കാൻ സാമൂതിരി ചെറുകോട് നേരിട്ടെത്തിയിരുന്നു. ഇട്ടുണ്ണിവാര്യരുടെ മരണവും 1676-ൽ ആയിരുന്നു.

നാലു തവണയാണ് ഈ ദത്തു പൂർത്തിയാക്കിയത്. മൂന്നു പുരുഷന്മാരെയും രണ്ടു സ്ത്രീകളുമാണ് ആദ്യതവണ ദത്തെടുത്തത്. രണ്ടാംതവണത്തെ ദത്തിലൂടെയാണ് എരോമവാര്യർ തറക്കലിൽ എത്തുന്നത്. മൂന്നാം തവണത്തെ ദത്ത് തിരുവേഗപ്പുറനിന്നും നാലംതവണത്തെ ദത്ത് കുലുക്കല്ലൂർ ശാഖകളിൽനിന്നും ആയിരുന്നു.

സാമൂതിരിക്കോവിലകത്തെ ഇളയകോവിൽ (ഇളമുറ) തീപ്പെട്ട് പുലയുള്ള സമയത്തായിരുന്നു സാമൂതിരി അംഗീകരിക്കുന്ന തിരുവെഴുത്ത് ദത്തിനു നൽകുന്നത്. മറ്റു കാരിയക്കാർക്ക് ഈ നടപടി സ്വീകാര്യമായിരുന്നില്ല. തുടർന്ന് ആ വർഷം കുംഭത്തിൽ സാമൂതിരി നൽകിയ തിരുവെഴുത്തു മടക്കിവാങ്ങി.

എല്ലാ കാരിയക്കാരുടെയും സമ്മതത്തോടെ പുതിയ കൽപ്പന പിന്നീട് എഴുതിക്കൊടുത്തു.





‘കൊല്ലം 851
ധനു വ്യാഴം
കുംഭഞായർ
(തറക്കൽ അനന്തരം കൽപ്പിച്ചത്)’

“തറക്കൽ ഇട്ടിഉണ്ണിരാമമെനവർ മരിച്ചതിനുശേഷം ഉണ്ണിക്കിട്ടമെനവനു അനന്തിരമായിട്ടു ആളുകളെ കൽപ്പിച്ചതിനും ചെരിക്കൽ (ചേരിക്കൽ) പാഴ്ത്തികൾക്കു (പ്രവർത്തികൾക്കു) കുറിയതിരുവെഴുത്ത് കൊടുത്തതിനും കണക്ക്. കൊല്ലം 851-ാമത് ധനു വ്യാഴം കുംഭഞായർ 2-ന് പൊന്നാനി വാഴ്ക്കെ തൃക്കാവിൽ കൊവിലകത്ത് (കോവിലകത്ത്) ഇരുന്നരുളെ തറക്കൽ ഉണ്ണിക്കിട്ടമെനവനു അനന്തിരമായിട്ടു കിഴൂർ ഇരാമമെനവനെയും ചംക രമെനവനെയും കൃഷ്ണമെനവനെയും ഇരാമ മെനവനെയും ഉണിക്കണ്ട മെനവനെയും ഇട്ടിഉണ്ണിരാമമെനവനെയും ഇട്ടിച്ചിരുതേവിയെയും അവൾ പെറ്റമക്കളെയും കൽപ്പിച്ച് കാരണവർ അനന്തരവർക്കായി ഒരുമിച്ചു ഇരുന്നു യാവിച്ചുകൊള്ളുവാൻ മുമ്പ് ധനു ഞായർ 14-ന് ഇട്ടിഉണ്ണിരാമമെനവൻ മരിച്ചു എന്നു എഴുതിവരികകൊണ്ട് താമൂതിരി തിരുമുൽപ്പാടുന്നു ചെംവലങ്ങാട്ടുനിന്ന് ചെറുകൊടിന്നു എഴുന്നള്ളി ഇളയകോവിൽ തിരുമുൽപ്പാടുന്നു.

തീപ്പെട്ട പുലയിൽ കാരിയക്കാർ ആരും കൂടാതെ കണ്ട കുറിയ തിരുവെഴുത്തും തൃക്കൈ വിളയാടി കൊച്ചിയിൽ താച്ചൻ മെനവനെക്കൊണ്ടു എഴുതി കൊടുപ്പിച്ചതിനെ കുംഭം (1) പൊന്നാനി വാഴ്ക്കെ എഴുന്നള്ളി ഏറനാടു മൂന്നാം കൂറ് നംപിയാതിരി തിരുമുൽപ്പാടുന്നു മുണ്ടാട്ടുണ്ണിക്കുമാരമേനവനും തിനയഞ്ചേരി ചെറിയഇളെയതും പാറെവടക്കപ്പാട്ടു മാധവനംപിയും ഞെള്ളിയൂർ പണിക്കനെംപൂതിരിയും മുണ്ടത്തൊട്ടത്തു നംപൂതിരിയും കൂടി മുംപിനാൽ കൽപ്പിച്ചവണ്ണം തന്നെ എന്നുവച്ച് മുമ്പിനാൽ എഴുതിയ കുറിയ തിരുവെഴുത്തു മാറ്റി എഴുതി കൊടുത്ത മറ്റെ തിരുവെഴുത്തു ഇങ്ങു വാങ്ങുകയും ചെയ്തു.

കുംഭ ഞായർ 2-ന് ചുനങ്ങാട്ടെയ്ലും ആലിപറംപിലേക്കും മഞ്ഞളൂറ്റയ്ലും കാലടി ചെയ്ലും പൊന്നാനി വാഴ്ക്കലെക്കും തറക്കൽ ഇരെമ്മമേനവനു വാളും പുടവയും കൊടുക്കുന്നതിനു കൊവിൽ കാരിയം ഉള്ളതിനെ കാരിയക്കാര് ആരും അറിയാതെ കണ്ട് പണ്ടാരത്തിൽ വാങ്ങിയെന്നു കൊടുതാനും എല്ലാവരും അറിയാതെ പണ്ടാരത്തിലേക്കു കൊടുത്ത പൊന്നു ചങ്ങല അരഞ്ഞാള്ളു കൊടുത്ത മുൻപിൽ വെടിക്കുരുക്കൾ ആവാൻ തോക്കും കത്തിച്ച തിരിയും തൊഴുത്ത് തൃക്കൈയിൽ നിന്നു വാങ്ങിത്തൊഴുത നമസ്കരിച്ച് ചെരിക്കലുകൾക്ക് വെവ്വെറെ വാളും പുടവക്ക വീരാളിപട്ടു വാങ്ങി നമസ്കരിച്ചു തൊഴുത തണ്ടെറി നടന്നു കൊള്ളുവാൻ അരുളിചെയ്താറെ തൊഴുത പുറപ്പെട്ട കിഴക്കെ

> പടിയെ പുറപ്പെട്ടതിന്റെ കണക്ക് ഭഗവതിക്ക് 12 പണം പട്ട് 1 ഉം ദക്ഷിണക്കു മെശ്ശാന്തിക്കു പണം 2 ഉം കീഴ്ശാന്തിക്കു പണം 2 ഉം ഷൊടിവ് വൈകുണ്ഠപുരത്ത് തെവര് മെശ്ശാന്തിക്കു പണം 2 ഉം കീഴ്ശാന്തിക്കു പണം 2 ഉം കൊടുത്തു കിഴക്കെ ആൽക്കൽ നിന്നു തണ്ടാർ പള്ളിച്ചൻമാർക്ക് ഒരു പുടവയും നാലു പണവും കൊടുത്ത തണ്ടേറി പണ്ടാരക്കളത്തിൽ ചെന്നു ഇരുന്ന മങ്ങാട്ടു ഉണ്ണിക്കുമാര മെനവനും പാറെ ചംകരനംപിയും മാധവനംപിയും ഞെള്ളിയൂർ പണിക്കനംപൂതിരിയും മുണ്ടത്തോട്ടത്തു നംപൂതിരിയും കൂടി ഇരുന്ന കളത്തിൽ ഇട്ടികരുണാകര മേനവൻ കണക്കൊലപ്പടിക്ക് വായിച്ച് അടുത്തത് ലോകർക്കു കൊടുക്കയും ചെയ്ത തിനെഞ്ചെരി ചെറിയ ഇളെയത് കൂടെ വരികയും കാരിയക്കാർക്കു അടുത്തത കൊടുത്തത് ഇങ്ങോട്ടു ആരും പറഞ്ഞതുമില്ല. തൂശികണക്കൊക്കും കൂടിത്തന്ന പണം (12) പണ്ടാരത്തിൽ തൊാ ടുത്ത പൊന്ന അരഞാളക്കണെ... ആകെ കണ്ട പണം 1826."

മറ്റു കാര്യക്കാരന്മാർക്കു തറക്കൽവാര്യരോടുള്ള അസൂയയും ആദ്യം അതൊന്നും വകവയ്ക്കാത്ത സാമൂതിരി പിന്നീട് അവരുടെ വിശ്വാസംകൂടി ആർജിക്കാൻ ശ്രമം നടത്തുന്നതും ഈ കൽപ്പനയിൽ വായിച്ചെടുക്കാം. കാര്യക്കാർ എന്നതു സാമൂതിരി രാജ്യത്തിൽ ഒരു ഉദ്യോഗമാണെങ്കിലും അതു ദേശവാഴിക്കു തുല്യമായ ഒരു സ്ഥാനത്തേക്കുയർത്തിയിരുന്നുവെന്നു പല്ലക്കുപയോഗിക്കാൻ അനുവാദം നൽകുന്നതിൽനിന്ന് ഊഹിക്കാം.

വിവിധ ചേരിക്കലുകളിൽനിന്നു തറക്കൽവാര്യർ അടച്ചിരുന്ന പണം എത്രയാണെന്നു കോഴിക്കോടൻ രേഖകളിൽനിന്ന് [10] മനസ്സിലാക്കാം.

1. കാലടി ഇടവക ചേരിക്കൽ/കാലടി - 4231 പണം
   അങ്ങാടി 1 മാടത്തുംകീഴ്നാട് - 5 1/2 വീചം
2. ആലിപ്പറമ്പ അഞ്ചര ചേരിക്കൽ - 514 പണം
3. ചുനങ്ങാട് പല ചേരിക്കൽ/പെരും കുറിച്ചി,
   പുലിയന്നൂർ - 360 പണം
4. അരിയൂർ ചേരിക്കൽ - 200 പണം[11]

പൊന്നാനി വാഴ്ക്കെ ചേരിക്കലിൽനിന്നും ഇതിനും പുറമേ പണം സാമൂതിരിയുടെ ഖജനാവിലേക്കു തറക്കൽവാര്യർ അടച്ചിരുന്നു. ഈ പശ്ചാത്തലത്തിൽ വേണം കോഴിക്കോട് തലച്ചാർന്നവരുടെ താൽക്കാലിക ചുമതലകൂടി തറക്കൽവാര്യർക്കു ലഭിച്ചതിനെ കാണേണ്ടത്. മൂർക്കനാട്ടെ പടച്ചെലവിന് ഏറനാടു മൂന്നാംകൂർ നമ്പ്യാതിരി തറക്കലെ എരോമമേനോനോടു കടം വാങ്ങുന്നുണ്ട്.





1683-ൽ തിരുനാവായയിൽ നടന്ന മാമാങ്കത്തിന്റെ നടത്തിപ്പിന് എരോമമേനോന് സാമൂതിരി തിരുവെഴുത്ത് അയയ്ക്കുന്നു.[12] 1500 പറ അരി തിരുനാവായയിലേക്കു വെള്ളപ്പനാട്ടുകരയിൽ നിന്ന് എത്തിക്കാനും ആലിപ്പറമ്പ് ചേരിക്കലിൽനിന്നു മുളകൾ ശേഖരിച്ച് തിരുനാവായയിൽ എത്തിക്കാനുമാണ് സാമൂതിരി ആവശ്യപ്പെട്ടത്. ഇക്കാലത്താണ് കിഴൂർവാര്യത്തുനിന്നു തറക്കലിലേക്കുള്ള അഞ്ചാമത്തെ ദത്ത് നടക്കുന്നത്.

തിരുനാവായ ഊട്ട്, തൃക്കണാപുരത്ത് പടഘാരം എന്നിവയെല്ലാം നടത്താനുള്ള ചുമതലയും കാലടി ചേരിക്കൽ, മാടത്തിൻകീഴ്നാട്ടിലെ പാട്ടം എന്നിവ പിരിക്കാനും ഇക്കാലത്ത് തറക്കൽ മേനവന്മാർക്കായിരുന്നു അവകാശം.[13] അരിയൂർ ചേരിക്കലിന്റെ അവകാശവും 1666-ൽ തറക്കലിനു ലഭിച്ചു. സാമൂതിരിക്കോവിലകത്തേക്കുള്ള പഴയരി കൊണ്ടുപോയിരുന്നത് ചുനങ്ങാട്ടു കളത്തിൽനിന്നായിരുന്നു. പെരുംകുറിശ്ശി, പുലിയന്നൂർ, അകലൂർ, പേരൂർ, പല്ലാരമംഗലം, ഉളവനച്ചേരി, പിലാപ്പറ്റചേരി, യാവുതോൾ, യാവയാൽ, ചാത്തംകുളം എന്നിവിടങ്ങളിലെയും പാട്ടം പിരിക്കുന്ന ചുമതലയും വാര്യത്തിനായിരുന്നു. പാലപ്പുറം, നെല്ലിക്കോട്, വേങ്ങച്ചേരി, എന്നീ അങ്ങാടികളിലെ ചുങ്കങ്ങളും പിരിക്കാനുള്ള ചുമതലയും തറക്കൽവാര്യർക്കായിരുന്നു. മുകളൂർ, കാട്ടാൽ കിഴക്കോട്ട്, കുത്തന്നൂർ, പൂവ്വത്താൽ പടിഞ്ഞാറോട്ട് തുടങ്ങിയ പ്രദേശങ്ങളിലെ പാട്ടം പിരിക്കേണ്ടതും തറക്കൽവാര്യരായിരുന്നു. മാമാങ്കത്തിന്റെ സുഗമമായ നടത്തിപ്പിലും തറക്കൽവാര്യർക്കു ചുമതലകൾ ഉണ്ടായിരുന്നു.

1750-കളുടെ അവസാനമായതോടെ തറക്കൽവാര്യന്മാരുമായി സാമൂതിരി അകലാൻ തുടങ്ങി. കവളപ്പാറയ്ക്കെതിരെയുള്ള പടയ്ക്കു നേതൃത്വം കൊടുക്കാൻ സാമൂതിരിയിൽനിന്നുണ്ടായ നിർദേശം തറക്കൽവാര്യർ ധിക്കരിച്ചു. 937 കർക്കിടക മാസം 25-ാം തീയതി (1761) ശുചീന്ദ്രം ക്ഷേത്രത്തിൽ വച്ച് കൊച്ചി രാജാവു തിരുവിതാംകൂറുമായി സന്ധിചെയ്തതോടെ പ്രാദേശിക രാഷ്ട്രീയത്തിൽ സാമൂതിരി പിന്നിലായതു തറക്കൽവാര്യരെ വിമതനാക്കാൻ പ്രേരിപ്പിച്ചിരിക്കാം. കോഴിക്കോടൻ ഗ്രന്ഥവരികൾ പരിശോധിച്ചാൽ തോന്നുക, തറക്കൽവാര്യർ ഭരണാധികാരത്തെ വെല്ലുവിളിച്ചെന്നാണ്. നേര്, അതാവണമെന്നില്ല. സ്വശക്തിയെക്കുറിച്ച് ആത്മവിശ്വാസം കുറഞ്ഞ സാമൂതിരിമാർക്കു, തന്റെ കാര്യക്കാരൻ പണ്ടേപോലെ രാജാജ്ഞകൾ അനുസരിക്കുന്നില്ലല്ലോ എന്നു തോന്നിയിരിക്കാം. ഉപജാപക്കാരും ഏഷണിക്കാരുമായ മറ്റുദ്യോഗസ്ഥന്മാർ ഈ അകൽച്ച വർധിപ്പിക്കുന്നതിനും ഉത്സാഹിച്ചിരിക്കാം.

പൊന്നാനിയിലെ തലച്ചാർന്നവർ സ്ഥാനത്തുനിന്ന് എരോമവാര്യരെ മാറ്റി പകരം കുളങ്ങര ഗോപാലപ്പിഷാരടിയെ നിയമിക്കുന്നത് ഈ അകൽച്ചയുടെ നാളിലായിരുന്നു.

അയ്യപ്പൻ മാർത്താണ്ഡപിള്ളയുടെയും ഡിലെനോയിയുടെയും നേതൃത്വത്തിൽ തിരുവിതാംകൂർ സൈന്യം തൃശൂരേക്കും പുറപ്പെട്ടപ്പോൾ അവരെ സഹായിക്കാൻ പടകൂട്ടിയ കവളപ്പാറയെ ആക്രമിച്ചില്ലെന്നതായിരുന്നു തറക്കൽവാര്യർ ചെയ്ത അപരാധം. 937 മിഥുനം 15-നു (1762 ജൂൺ 3-ാം തീയതി) സാമൂതിരി തറക്കലിലെ എരോമമേനോനെയും ഉണിക്കണ്ടമേനോനെയും അനുരഞ്ജനത്തിനായി സാമൂതിരി ക്ഷണിച്ചുവരുത്തിയ ശേഷം വെട്ടിക്കൊല്ലുകയായിരുന്നു. തറക്കൽ തറവാട് ഇടിച്ചുനിരത്തുകയും സ്ത്രീകളെയും കുട്ടികളെയും മാപ്പിളമാർക്കു വിൽക്കാനായി പൊന്നാനിയിലേക്കു കൊണ്ടുവരുകയും ചെയ്തു. സാമൂതിരിയുമായുള്ള ചർച്ചയ്ക്കു നേരത്തേ പോകാതിരുന്ന ശങ്കരവാര്യരാണ് വിവരമറിഞ്ഞ് പൊന്നാനിയിലെത്തി, സ്ത്രീകളെയും കുട്ടികളെയും കൊച്ചിരാജ്യത്തിൽപ്പെട്ട തിരുവില്ല്വാമലയിലേക്കു രക്ഷപ്പെടുത്തിയത്.

937 മിഥുനഞായറിലെ കോഴിക്കോടൻ ഗ്രന്ഥവരിയിൽ പറയുംപോലെ സാമൂതിരിയുടെ തിരുനെറ്റിയിൽ തറക്കൽവാര്യർ വെടിവയ്ക്കാനൊരുങ്ങിയതിന്റെ നിജസ്ഥിതി ഉറപ്പിക്കാൻ എളുപ്പമല്ല. സാമൂതിരിയുമായി ചർച്ചയ്ക്കെത്തിയ തറക്കൽവാര്യർ തന്റെ ചാരന്മാരിൽനിന്നു സാമൂതിരിയുടെ ശത്രുത തിരിച്ചറിഞ്ഞ് ആത്മരക്ഷയ്ക്കായി തോക്കു രഹസ്യമായി കൊണ്ടുപോയിരിക്കാം. വധിക്കപ്പെട്ടേക്കുമെന്നു തോന്നിയപ്പോൾ തിരിച്ചും തോക്കെടുത്തു ഭീഷണിപ്പെടുത്തിയിട്ടുണ്ടാവാം. മാർത്താണ്ഡവർമ (1729-1758) തിരുവിതാംകൂറിലെ മാടമ്പിമാരെ നിർദ്ദയം വകവരുത്തിയ കഥകൾ ശത്രുസംഹാരത്തിനു സാമൂതിരിയെയും പ്രചോദിപ്പിച്ചിരിക്കാം.

കാലടിയിൽ തലച്ചാർന്നവരായിരുന്ന തറക്കൽ ശങ്കരവാര്യർ സാമൂതിരിയുടെ ആജ്ഞപ്രകാരം കവളപ്പാറദേശം ആക്രമിക്കാൻ കൂട്ടാക്കാത്തത് അക്ഷന്തവ്യമായ അപരാധമായി സാമൂതിരി കണ്ടതിനെയും കുറ്റപ്പെടുത്താനാവില്ല. മണിയംകൊട്ടു പരിത്തിപ്പിള്ളി പട്ടേരിയുടെ ഇല്ലത്തുവച്ച് തോട്ടിയും വളരുംവച്ച് എരോമമേനോനും ഉണിക്കണ്ടമേനോനും ക്ഷമചോദിച്ചിട്ടും സാമൂതിരിയുടെ 'തിരുവുള്ളക്കേട്' മാറിയില്ല. വിമതന്മാർക്ക് ഒരിക്കലും മാപ്പുകൊടുക്കാത്ത സാമൂതിരിയെ ഇതാദ്യമായല്ല ചരിത്രം കാണുന്നത്. കുഞ്ഞാലിമാർക്കും വെട്ടത്തരചനും തിനയഞ്ചേരി എളേതിനും സാമൂതിരിമാർ മാപ്പുകൊടുത്തിരുന്നില്ല. കോഴിക്കോടൻ ഗ്രന്ഥവരികൾ മറച്ചുവച്ച ചരിത്രവസ്തുതകളിലേക്ക് കടന്നാൽ,





പ്രയോഗികമതിയായ തറക്കൽവാര്യർക്ക് ആധുനിക യുദ്ധതന്ത്രത്തിൽ വന്ന മാറ്റങ്ങളെക്കുറിച്ചു മുന്നറിവുണ്ടായിരുന്നെന്നു വരാം. സാമൂതിരിയോടു, തിരുവിതാംകൂറിനെ എതിർക്കുന്നതു ബുദ്ധിയല്ലെന്ന് ഉപദേശിച്ചുവെന്നുംവരാം. അന്നതൊന്നും ചെവിക്കൊള്ളാൻ തയ്യാറാകാത്ത സാമൂതിരിയും ഉപദേശകരും പിന്നീട് ചേലക്കരയിലും മാപ്രാണത്തുണ്ടായ ദയനീയ പരാജയങ്ങളെത്തുടർന്ന് തിരുവിതാംകൂറിനോട് സന്ധിചെയ്യാൻ പത്മനാഭപുരത്തേക്കു കൊ.വ. 938 ഇടവത്തിൽ പോകുകയുണ്ടായി. യുദ്ധച്ചെലവുകൾക്കായി അമ്പതിനായിരം രൂപ തിരുവിതാംകൂറിനു കാഴ്ചവച്ചും കൊച്ചിയെ മേലിലൊരിക്കലും ആക്രമിക്കുകയില്ലെന്നും ഉറപ്പുകൊടുത്തും ഇരുവരും തമ്മിൽ ഭാവിയിൽ തർക്കങ്ങൾ ഉണ്ടായാൽ തിരുവിതാംകൂറിന്റെ തീർപ്പ് അംഗീകരിക്കാമെന്നു സമ്മതിച്ചും സന്ധി ഒപ്പുവച്ചാണ് സാമൂതിരിയും കൂട്ടരും കന്യാകുമാരി ദർശനം കൂടി നടത്തി കോഴിക്കോട്ടേക്കു മടങ്ങുന്നത്.

തറക്കൽവാര്യന്മാരെ വധിച്ച സാമൂതിരിയുടെ അനന്തര ജീവിതം ദുരന്തപര്യവസായി ആയിരുന്നു. ഹൈദരാലിഖാന്റെ കോഴിക്കോട് ആക്രമണത്തെത്തുടർന്ന്, എതിർക്കാൻ കൂട്ടാക്കാതെ സ്ത്രീകളെയും കുട്ടികളെയും പൊന്നാനിയിലേക്ക് അയച്ചശേഷം, അമ്പാടിക്കോവിലകത്തെ വെടിമരുന്നറയ്ക്കു തീകൊളുത്തി 1766-ൽ അദ്ദേഹം ആത്മാഹുതി ചെയ്തു.

അനന്തരം സാമൂതിരിയായി അരിയിട്ടുവാഴ്ച നടത്തിയത് നീലേശ്വരത്തുനിന്നു ദത്തുവഴി വന്ന തമ്പുരാനായിരുന്നു. ഇദ്ദേഹം തറക്കൽ തറവാട്ടിലെ അംഗങ്ങളെ ചെറുകോട്ടിലേക്കു മടക്കിക്കൊണ്ടുവരുകയും ചെറുകോട്, തച്ചനാട്ടുകര, തുവ്വൂർ എന്നീ സ്ഥലങ്ങളിലായി 500 പറ പാട്ടം കിട്ടാനുള്ള നിലങ്ങൾ നൽകുകയുംചെയ്തു. കൊടുവായൂർ-രാമപുരം ദേവസ്വങ്ങളും തറക്കലിനു വിട്ടുകൊടുത്തു. എന്നാൽ, തറക്കൽകാർക്ക് ഏറെക്കാലം ചെറുകോട് തുടരാനായില്ല. മലബാർ ടിപ്പുസുൽത്താന്റെ കീഴിലായപ്പോൾ അവർ വീണ്ടും കൊച്ചിയെ അഭയം പ്രാപിച്ചു. 1791-ലാണ് തറക്കൽ കുടുംബം ചെറുകോട്ടേക്കു മടങ്ങിയെത്തിയത്. ഈസ്റ്റിന്ത്യാക്കമ്പനിയുടെ ചെർപ്പുളശ്ശേരി തുക്കിയെ സജീവമായി സഹായിക്കുന്ന ജന്മികുടുംബങ്ങളിലൊന്നായി തറക്കൽവാര്യം തുടർന്ന് അറിയപ്പെട്ടു. പാട്ടം പിരിക്കുന്നതിലും കൃഷിഭൂമികൾ വിപുലമാക്കുന്നതിലും ഇതോടൊപ്പം അവർ ശ്രദ്ധിച്ചു. ബ്രിട്ടീഷ് ഭരണകാലത്തെ നീതിന്യായക്കോടതികളെയും അവർ സമർത്ഥമായി ഉപയോഗപ്പെടുത്തി. 1814-ൽ തുടങ്ങിയ ഒരു വ്യവഹാരത്തിന് അനുകൂലമായ വിധി 1835-ൽ മദിരാശി ഹൈക്കോടതി

യിൽനിന്നു ലഭിച്ചത്, ഒരു വഴിത്തിരിവായിരുന്നു. 1850-ൽ പെരുവെമ്പിൽകളം വിലയ്ക്കുവാങ്ങി, കൃഷിഭൂമിയുടെ വിസ്തൃതി തറക്കൽകാർ വർധിപ്പിച്ചു. പലിശയ്ക്കു പണം കടംകൊടുക്കുന്നവരെ ആശ്രയിക്കാനും തറക്കൽവാര്യത്തിനു ദുരഭിമാനമുണ്ടായില്ല.

1902-1903-ൽ തച്ചനാട്ടുകരയിൽ കളംവാങ്ങാനും 1916-ൽ കൊടുവായൂർ ശ്രീരാമക്ഷേത്രം നിർമിക്കാനും കഴിഞ്ഞതോടെ തറക്കൽവാര്യത്തിന്റെ പ്രതാപം പഴങ്കഥയല്ലെന്നു തെക്കേമലബാർകാരും പറയാൻ തുടങ്ങി. രാമപുരംക്ഷേത്രം തറക്കൽകാരുടെ സ്വകാര്യക്ഷേത്രമാണെന്നു 1940-ൽ കോടതിവിധി ഉണ്ടായത് തെക്കേമലബാറിൽ അവരുടെ പ്രാധാന്യം വർധിപ്പിച്ചു. 1945-ൽ അന്തരിച്ച എരോമവാര്യരുടെ അനുജൻ ശങ്കരവാര്യരുടെ കാലത്താണ് ബാലനരസിംഹക്ഷേത്രത്തിന്റെ ഗോപുരംപണി നടന്നത്.

കൊല്ലങ്കോട്ടുകളം, കുളക്കുഴിക്കളം, ചെറുകാടുപാടം, പെരുവെമ്പ്കളം, മരുതലക്കളം, എളാട്ടുകളം എന്നിവയെല്ലാം വ്യവഹാരങ്ങൾ വഴിയോ നേരിട്ടുള്ള ഇടപെടലുകൾ വഴിയോ നിലനിർത്താൻ കഴിഞ്ഞതും തറക്കൽവാര്യത്തിനു പ്രയോജനപ്പെട്ടു. 1956-ലാണ് ഭൂസ്വത്തുക്കൾ വിവിധ താവഴികൾക്കായി ഭാഗം നടന്നത്. 1961-ൽ ക്ഷേത്രവും തറവാടും കാവും കുളങ്ങളും കുടിയിരുപ്പ് എന്ന പേരിൽ പൊതുസ്വത്താക്കി.[14]

മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച്, സാധ്യതകൾ ഉപയോഗപ്പെടുത്തിയും ദുരഭിമാനത്തിന്റെ കെണിയിൽ വീഴാതെയും അതിജീവനത്തിനു ശ്രമിച്ചതാണ് തറക്കൽ നാലുകെട്ടിനെയും അനുബന്ധകെട്ടിടങ്ങളെയും നിലനിർത്താൻ കുടുംബാംഗങ്ങളെ സഹായിച്ചത്.

## അടിക്കുറിപ്പുകൾ

1. തറക്കൽവാര്യർ സാമൂതിരി രാജ്യത്തിലെ ഒരു കാര്യക്കാരായിരുന്നോ അതല്ല ദേശവാഴി ആയിരുന്നോ എന്ന ചോദ്യം പ്രസക്തമാണ്. വെട്ടത്തുതമ്പുരാൻ, പുന്നത്തൂർ നമ്പിടി, പരപ്പൂർരാജാവ്, തിരുമനച്ചേരിനമ്പൂതിരി തുടങ്ങിയ സാമന്തന്മാരുടെ പദവി തറക്കൽവാര്യർക്ക് ഉണ്ടായിരുന്നില്ല. വെള്ളോടിമാർക്കും ഏറാടിമാർക്കും കണ്ണന്ത്രനായർക്കും കുതിരവട്ടത്തു തമ്പാനുമുള്ള പദവി തറക്കൽവാര്യർക്കും സാമൂതിരി നൽകിയിരുന്നു.
2. കെ.വി. കൃഷ്ണയ്യർ, ഡോ.കെ. മാർത്താണ്ഡവർമ, പി.സി.എം.രാജ, ഡോ.എൻ.എം.നമ്പൂതിരി, ഡോ.വി.വി ഹരിദാസ് തുടങ്ങിയവരാണ് സാമൂതിരി ചരിത്രമെഴുതിയവരിൽ പ്രമുഖർ. എം.ആർ.രാഘവവാര്യരുടെ 'സ്ഥാനാരോഹണചടങ്ങുകളും' ഡോ.എം.ജി.എസ് നാരായണന്റെ 'കോഴിക്കോടിന്റെ കഥയും' ചരിത്രവിദ്യാർഥികൾക്കു പ്രയോജനകരമാണ്. സാമൂതിരിമാരിൽ ഒരാൾ തറക്കലെ ഒരു വാരസ്യാരെ സംബന്ധം ചെയ്തിരുന്നതായും അങ്ങനെയാണ് ചെറുകോട് ഒരു സാമൂതിരികോവിലകം ഉണ്ടായതെന്നും ഓറൽ ഹിസ്റ്ററിയുണ്ട്.
3. പനാവൂർമന, തിരുവില്ലാക്കാട്ടുമന, ആത്രശ്ശേരി മന, പിടിക്കപ്പറമ്പ്മന, കാണിപ്പയ്യൂർമന, തായമ്പാറമന, മുതിരിക്കാട്മന, മുതുകുറുശ്ശിമനെ തുടങ്ങിയ മനകളിലെ നമ്പൂതിരിമാരാണ് തറക്കൽവാര്യത്തെ സ്ത്രീകളെ മുൻകാലങ്ങളിൽ സംബന്ധം ചെയ്തിരിക്കുന്നത്. പെരുമ്പിലാവ്, കോന്നനാത്ത് തുടങ്ങിയ നായർകുടുംബങ്ങളിലെ സ്ത്രീകളെയാണ് തറക്കൽവാര്യന്മാർ സംബന്ധം ചെയ്തിരുന്നത്. ഇരുപതാം നൂറ്റാണ്ടാകുമ്പോൾ ഇതിനെല്ലാം മാറ്റംവന്നു.
4. കേരളത്തിലെ നമ്പൂതിരി മനകളുടെ വാസ്തുശാസ്ത്ര സവിശേഷതകളെപ്പറ്റി ഹെൻട്രി ഷിൽറ്റ് യൂണിവേഴ്സിറ്റി ഓഫ് ഹെൽസിങ്കിയിൽ നടത്തിയ പഠനത്തിൽ (2012) തറക്കൽവാര്യത്തെ പ്രാധാന്യത്തോടെ പരാമർശിക്കുന്നു.
   Schildt Henri, Namboothiri Manners in Kerala (Ph.D. Thesis) University of Helsinki, 2008
5. അഡ്വ.ടി കൃഷ്ണനുണ്ണി തയ്യാറാക്കിയ അപ്രകാശിതമായ തറക്കൽ കുടുംബചരിത്രത്തിൽനിന്ന്.
6. ഗുണ്ടർട്ട്, ഗുണ്ടർട്ട് നിഘണ്ടു, 1872

7,8,9. തറക്കൽ കുടുംബചരിത്രം.

10. കോഴിക്കോടൻ ഗ്രന്ഥവരികളിൽനിന്ന്.
11. 16 വീഷം- ഒരു പണം. ഡോ.വി.വി. ഹരിദാസ്, സാമൂതിരികാലത്തെ കോഴിക്കോട് കഥയും ചരിത്രവും 2012, പുറം 34.
12. എൻ.എം. നമ്പൂതിരി, മലബാർ പഠനങ്ങൾ സാമൂതിരിനാട്, 2008, പുറം 299.
13. തിരുനാവായയുടെ തെക്കേകരയിൽ തിരുമനശ്ശേരി നമ്പൂതിരിയുടെ പ്രദേശത്തിനു കിഴക്കും തെക്കുമുള്ള ഭാഗങ്ങളെയാണ് മാടത്തിൻ കീഴെന്നു പരാമർശിച്ചിരിക്കുന്നത്.
14. റബർപോലുള്ള നാണ്യവിളകൾ പരീക്ഷിക്കാൻ തറക്കൽകാർ വളരെ വൈകി മാത്രമേ സന്നദ്ധരായുള്ളൂ.